# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4829** **26-06-2019-ൽ**
മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ രംഗത്തെ സീറ്റുകളുടെ അപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി.വി. ഇബ്രാഹിം.** | **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത്, പ്രത്യേകിച്ച് മലബാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് അനുഭവപ്പെടുന്ന സീറ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബിരുദ പഠനത്തിനായി മലബാർ മേഖലയിലെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ മാത്രം 1800 സീറ്റുകൾ വിവിധ ബ്രാഞ്ചുകളിലായി നിലവിലുണ്ട്. പോളിടെക്നിക്ക് കോളേജുകളിൽ 4205 ത്രിവത്സര ഡിപ്ലോമ സീറ്റുകൾ ഉണ്ട്. കൂടാതെ, സ്വാശ്രയ മേഖലയിലും സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ മേഖലയിലുൾപ്പെടെ, കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ മാത്രം 56 പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ഈ അധ്യയന വർഷം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലകളിൽ പുതിയ കോളേജുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | നിലവിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ഓരോ കേസിലും, ആവശ്യകത പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**